LIBRARY ARCHIVES Kerala Legislative Assembly

സി.ബി.ഐ.യിലെയും സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന അഴിമതി അന്വേഷണ ഏജൻസിയായ വിജിലൻസിലെയും അന്വേഷണ ഉദ്യോഗസ്ഥന്മാർക്ക് ലഭിക്കുന്ന ശമ്പളവും മറ്റ് അലവൻസുകളും താരതമ്യം ചെയ്തുള്ള പഠന റിപ്പോർട്ടുകളോ ആയത് സംബന്ധമായ മറ്റ് വിശദാംശങ്ങളോ ലഭ്യമാണോ; എങ്കിൽ ആയതിന്റെ പകർപ്പോ വിശദാംശങ്ങളോ ലഭ്യമാക്കുമോ?

ഉത്തരം

(എ) വിജിലൻസ് അന്വേഷണത്തെയും പ്രോസിക്യൂഷൻ നടപടികളെയും കുറിച്ച് പഠിക്കുന്നതിനായി ഒരു കമ്മീഷനെ നിയോഗിക്കുന്നത് സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ പരിശോധിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 16-12-2016-ലെ സ.ഉ. (സാധാ) നമ്പർ 34/2016/വിജി. പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിനിസ്റ്റീരിയൽ വിഭാഗത്തിൽ 24 തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കണ്ണൂർ, മലപ്പുറം യൂണിറ്റ് ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനായി 2016-17 സാമ്പത്തിക വർഷം 3 കോടി രൂപ അനുവദിക്കുകയും പ്രസ്തുത സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തി മലപ്പുറം ഓഫീസിന് 190 ലക്ഷം രൂപയുടെ നിർമ്മാണത്തിനുള്ള ഭരണാനുമതിയും കണ്ണൂർ ഓഫീസിന്റെ നിർമ്മാണത്തിനായി 202 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ 2017-18 സാമ്പത്തിക വർഷം ഡയറക്ടറേറ്റിലും എറണാകുളം യൂണിറ്റിലും അഡീഷണൽ കൺസ്ട്രക്ഷനും ഇടുക്കി യൂണിറ്റിന് കെട്ടിട നിർമ്മാണത്തിനുമായി 3 കോടി രൂപ അനുവദിക്കുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ശാസ്ത്രീയമായ അന്വേഷണ സംവിധാനങ്ങൾക്കായി സി-ഡാക്കിൽ നിന്നും ഒരു പോർട്ടബിൾ ഫോറൻസിക് ടൂൾ കിറ്റ് 30, 32GB ഒ.റ്റി.ജി. പെൻഡ്രൈവുകൾ വാങ്ങിയിട്ടുണ്ട്. അതോടൊപ്പം നവീകരണ ഫണ്ടിൽനിന്ന് 40 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, 20 പ്രിന്റർ, 40 യു.പി.എസ്., 53 ലാപ്ടോപ്പ്, 29 ഹാൻഡിക്യാം എന്നിവ വാങ്ങിയിട്ടുണ്ട്.

(സി) ലഭ്യമല്ല.

**വിജിലൻസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി**

159 (1814) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ (ഡിവൈ.എസ്.പി., സി.ഐ. റാങ്കുകളിൽ) എത്ര തസ്തികകൾ പുതിയതായി അനുവദിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ വിജിലൻസിലെ അന്വേഷണ ഉദ്യോഗസ്ഥർക്കും എക്സിക്യൂട്ടീവ് സ്റ്റാഫിനും ഏതെങ്കിലും തരത്തിലുള്ള അധിക സാമ്പത്തികാനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഏക അഴിമതി അന്വേഷണ ഏജൻസിയായ വിജിലൻസിന് ഒരു മാസം ശരാശരി എത്ര പരാതികളാണ് അന്വേഷണത്തിന് പ്രാഥമിക പരിശോധനയ്ക്കായി ലഭിക്കുന്നത്;

(ഡി) വിജിലൻസിൽ ലഭിക്കുന്ന പരാതികൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമാനുസരണം അധികാരമുള്ള ഉദ്യോഗസ്ഥരുടെ (ഡിവൈ. എസ്.പി., സി.ഐ. റാങ്കുകളിലുള്ള )നിലവിലെ എണ്ണം എത്രയാണ്;

(ഇ) ബഹുമാനപ്പെട്ട സുപ്രീംകോടതി അനുവദിച്ച സമയപരിധിയായി ഒരു പരാതിക്ക് 42 ദിവസം എന്ന കണക്കിൽ ഒരു മാസം സംസ്ഥാന വിജിലൻസിന് ലഭിക്കുന്ന ശരാശരി പരാതികളുടെ എണ്ണത്തിന് ആനുപാതികമായി വിജിലൻസിൽ എത്ര അന്വേഷണ ഉദ്യോഗസ്ഥർ (ഡി.വൈ.എസ്.പി., സി.ഐ. റാങ്കുകളിലുള്ള ) ആണ് വേണ്ടതെന്ന് പറയുമോ;

(എഫ്) വിജിലൻസിലെ എല്ലാ അന്വേഷണ ഉദ്യോഗസ്ഥർക്കും കാലഹരണ പെടാത്തതും ക്ഷമതയുള്ളതുമായ വാഹനങ്ങൾ ലഭ്യമാണോ; വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ച് ഡ്രൈവർമാർ ഉണ്ടോയെന്നും ഇല്ലെങ്കിൽ ഏതെല്ലാം ജില്ലകളിലും യൂണിറ്റുകളിലുമാണ് വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ച് ഡ്രൈവർമാരുടെ കുറവുള്ളതെന്നും വ്യക്തമാക്കുമോ ;

(ജി) ആവശ്യത്തിന് വാഹനങ്ങളും, ഡ്രൈവർമാരും, അന്വേഷണ ഉദ്യോഗസ്ഥരും സാമ്പത്തികാനുകൂല്യങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകാതെ സംസ്ഥാന വിജിലൻസിനെ ഉപയോഗിച്ച് അഴിമതി വിമുക്ത കേരളവും സദ്ഭരണവും പ്രാവർത്തികമാക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന തന്ത്രങ്ങളും പദ്ധതികളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ പുതിയ തസ്തികകൾ അനുവദിച്ചിട്ടില്ല.

(ബി) വിജിലൻസിലെ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥർക്ക് വൺ സ്റ്റെപ്പ് പ്രൊമോഷനും ഇൻസെന്റീവും നൽകുന്നത് സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) ഒരു മാസം ശരാശരി അഞ്ഞൂറോളം പരാതികൾ പ്രാഥമിക പരിശോധനയ്ക്കായി ലഭിക്കാറുണ്ട്.

(ഡി) ഡിവൈ.എസ്.പി. - 34

ഇൻസ്പെക്ടർ ഓഫ് പോലിസ് - 96

(ഇ) നിലവിൽ ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി അന്വേഷിക്കുന്നതിന് വിജിലൻസിൽ അന്വേഷണ ഉദ്യോഗസ്ഥർ അപര്യാപ്തമാണ്. വിജിലൻസിന് ലഭിക്കുന്ന പരാതികളെല്ലാം സുപ്രീംകോടതി വിധിപ്രകാരം പരിശോധിക്കേണ്ടവയാകണമെന്നില്ല.

(എഫ്) വിജിലൻസിലെ എല്ലാ അന്വേഷണ ഉദ്യോഗസ്ഥർക്കും കാര്യക്ഷമതയുള്ള വാഹനങ്ങൾ ലഭ്യമാണ്. എന്നാൽ ഡ്രൈവർമാരുടെ കുറവുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ഓഫീസ് | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1 തിരുവനന്തപുരം | 1 |
| 2 | സ്പെഷ്യൽ സെൽ, തിരുവനന്തപുരം | 3 |
| 3 | ദക്ഷിണ മേഖല, തിരുവനന്തപുരം | 2 |
| 4 | തിരുവനന്തപുരം യൂണിറ്റ് | 3 |
| 5 | കൊല്ലം യൂണിറ്റ് | 2 |
| 6 | ആലപ്പുഴ യൂണിറ്റ് | 1 |
| 7 | കോട്ടയം യൂണിറ്റ് | 1 |
| 8 | ഇടുക്കി യൂണിറ്റ് | 1 |
| 9 | സ്പെഷ്യൽ സെൽ, എറണാകുളം | 1 |
| 10 | എറണാകുളം യൂണിറ്റ് | 2 |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 11 | തൃശ്ശൂർ യൂണിറ്റ് | 1 |
| 12 | പാലക്കാട് യൂണിറ്റ് | 1 |
| 13 | മലപ്പുറം യൂണിറ്റ് | 2 |
| 14 | സ്പെഷ്യൽ സെൽ, കോഴിക്കോട് | 2 |
| 15 | കോഴിക്കോട് യൂണിറ്റ് | 1 |
| 16 | ഉത്തരമേഖല, കോഴിക്കോട് | 1 |

(ജി) ലഭ്യമായ ഉദ്യോഗസ്ഥരും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉപയോഗിച്ച് അഴിമതി വിമുക്ത കേരളവും സദ്ഭരണവും പ്രാവർത്തികമാക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

## 2011-2016 കാലയളവിലെ മന്ത്രിമാർക്കെതിരെയുള്ള അഴിമതി കേസ്സുകൾ

160 (1815) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

2011-2016 കാലയളവിലെ സർക്കാരിലെ എത്ര മന്ത്രിമാർക്കെതിരെ അഴിമതി കേസ്സുകളുണ്ടായിരുന്നു; എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ ?

### ഉത്തരം

2011-2016 കാലയളവിലെ സർക്കാരിലെ 9 മന്ത്രിമാർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയിൽ രണ്ടെണ്ണം അന്വേഷണം പൂർത്തിയായി. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്